പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5416** **28.7.2015-ൽ മറുപടിക്ക്**

# നഗരശുചീകരണ മാലിന്യനിർമ്മാർജ്ജന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും) വകുപ്പു മന്ത്രി) |
| (എ) നഗരശുചീകരണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനുമായി കേന്ദ്ര-സംസ്ഥാന തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) നഗരശുചീകരണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായി കേന്ദ്ര-സംസ്ഥാനതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. ഉറവിട മാലിന്യ സംസ്കരണ പദ്ധതി<br>2. പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കലും ആധുനിക വൽക്കരണവും<br>3. ആധുനിക അറവുശാലകളുടെ നിർമ്മാണം<br>4. മഴക്കാലപൂർവ്വ ശുചീകരണം<br>5. സ്വച്ഛ് ഭാരത് മിഷൻ (അർബൻ) |
| (ബി) മാലിന്യ നിർമ്മാർജ്ജനത്തിനായി വീടുകൾ, കോളനികൾ, പൊതുസ്ഥാപനങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് എത്ര പ്ലാന്റുകൾ നഗരസഭകൾ മുഖേന സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) മാലിന്യ നിർമ്മാർജ്ജനത്തിനായി ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഗ്യാസ്പ്ലാന്റ്, കമ്പോസ്റ്റിംഗ് എന്നിവ സ്ഥാപിക്കുന്നതിലേക്കായി 59 നഗരസഭകൾക്കും 5 മുനിസിപ്പൽ കോർപ്പറേഷനുകൾക്കും സാങ്കേതിക അനുമതിയും അർഹമായ സാമ്പത്തിക സഹായവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേക്ക് 27 നഗരസഭകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇവയുടെയെല്ലാം നിർവ്വഹണം നഗരസഭകൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. |
| (സി) പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് സ്ഥാപിച്ച നഗരസഭകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ? | (സി) നഗരസഭകളിലൊന്നും തന്നെ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ